**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1202** **10-08-2023 - ൽ മറുപടിയ്ക്ക്**

**അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ ചിത്താരിക്കടപ്പുറം ഉൾപ്പെടുന്ന അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മാതൃകാപഠന റിപ്പോർട്ട് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)- ൽ നിന്നും ലഭ്യമായതനുസരിച്ച് 101.33 കോടി രൂപയുടെ പദ്ധതിരൂപരേഖ തയ്യാറാക്കി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതികളുടെ ടെക്നിക്കൽ സ്ക്രൂട്ടണി കമ്മിറ്റിയിലെ നിർദ്ദേശപ്രകാരം ഭാവി വികസനം കൂടി കണക്കിലെടുത്ത് ഹാർബറിന്റെ ബേസിൻ ഏരിയയുടെ വലിപ്പം കൂട്ടുന്നതിന് പുതുക്കിയ മോഡൽ സ്റ്റഡി നടത്തുന്നതിനും flume study നടത്തുന്നതിനും സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ നെ ചുമതലപ്പെടുത്തിയിട്ടുണ്ട് . വിവിധ ഹാർബറുകളുടെ മോഡൽ സ്റ്റഡി സംബന്ധിച്ച് 11/07/2023 ൽ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ- ൽ നടന്ന യോഗത്തിൽ ടി തുറമുഖത്തിന്റെ മാതൃകാ പഠന റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ നൽകുന്നതാണെന്ന് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ അധികൃതർ അറിയിച്ചിട്ടുണ്ട് . സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിരൂപരേഖ പുതുക്കുന്നതാണ് . പദ്ധതിയ്ക്ക് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന സ്കീമിൽ അംഗീകാരം ലഭിച്ചാലുടൻ തുടർ നടപടി സ്വീകരിക്കുന്നതാണ് . ഇതോടൊപ്പം തന്നെ CRZ clearance ലഭ്യമാക്കുന്നതിനായി പരിസ്ഥിതി ആഘാതപഠനം , സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് . പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനായി അക്രഡിറ്റഡ് ഏജൻസിയെയും |

| | | | |
|---|---|---|---|
| | | | CRZ status report ലഭ്യമാക്കുന്നതിനായി NCESS നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ